തിരുവനന്തപുരം, കണ്ണൂർ ഒഴികെയുള്ള ജില്ലകളിലെ കാർഷിക മേഖലയിലു ണ്ടായ നഷ്ടം പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരം 1393.19 ലക്ഷം രൂപയുടേ താണ്. യഥാർത്ഥ നഷ്ടം കൃഷിവകുപ്പ് കണക്കാക്കി വരുന്നതേയുള്ളൂ. കടലാ ക്രമണംമൂലമുള്ള നഷ്ടവും കണക്കാക്കിവരുന്നുണ്ട്. ഇതേവരെ ലഭ്യമായി ട്ടുള്ള നാശനഷ്ടങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തി രിക്കുന്നു.†

(സി) മരണമടഞ്ഞ മുതിർന്ന ആളുകളുടെ കുടുംബത്തിന് 30,000/- രൂപ വീതവും കുട്ടികളുടെ കുടുംബത്തിന് 10,000/- രൂപ വീതവും പരിക്കേറ്റ വർക്ക് സർക്കാർ ആശുപത്രിക്ക് പുറത്ത് ചികിത്സ വേണ്ടിവന്നവർക്ക് പരമാ വധി 1,500/- രൂപവരെയും നടപടി പൂർത്തിയായ കേസ്സുകളിൽ നൽകിയിട്ടു ണ്ട്. പൂർണ്ണമായി തകർന്ന വീട് പുനർനിർമ്മിക്കുന്നതിനായി നൽകുന്ന 15,000/- രൂപയിൽ ആദ്യഗഡുവായ 5,000/- രൂപയും ഭാഗീകമായി നാശം വന്ന വീടുകൾക്ക് നഷ്ടത്തോതനുസരിച്ച് പരമാവധി 5,000/- രൂപ വരെയും നടപടി പൂർത്തിയായ കേസ്സുകളിൽ നൽകിയിട്ടുണ്ട്.

(ഡി) കൃഷി വകുപ്പ് തിട്ടപ്പെടുത്തുന്ന കണക്കുകളുടെ അടിസ്ഥാന ത്തിൽ ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തുക ജില്ലാ കളക്ടർ മുഖേനയാണ് നൽകുന്നത്. ഇക്കാര്യത്തിനായി പുതിയ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(ഇ) ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നാശനഷ്ട ങ്ങളും മറ്റും നേരിൽ പരിശോധന നടത്തിയ ശേഷം അവരുടെ ശുപാർശയും പരിഗണിച്ചാണ് വീടുകൾ നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും ധനസഹായം അനുവദിക്കുന്നത്.

(എഫ്) ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട ഉദ്യോഗ സ്ഥർ ശരിയായ അന്വേഷണം നടത്തി നേരിൽ പരിശോധന നടത്തിയശേഷ മാണ് സഹായ ധനം അനുവദിക്കുന്നത്. ഇക്കാര്യം കർശനമായി പാലിക്കുവാൻ ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ജി) 11-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്തി നുള്ള ഈ വർഷത്തെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി എത്രയെന്ന് നിശ്ചയിച്ച് ഉത്തരവുകളൊന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ല.

26 (*146) മത്സ്യത്തൊഴിലാളികൾക്ക് ഉപകരണങ്ങൾ വാങ്ങുന തിന് ദേശീയ സഹകരണ വികസന കോർപ്പറേഷൻ അനുവദിച്ച തുക

<u>ശ്രീ. കെ. സുധാകരൻ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>
<u>ശ്രീ. കെ.സി. ജോസഫ്</u> :
<u>ശ്രീ. വി.ജെ. പൗലോസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തൊഴിലാളികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമായി 1999-2000-ൽ ദേശീയ സഹകരണ വികസന കോർപ്പറേഷൻ 18.56 കോടി രൂപ വകയിരുത്തിയിരുന്നോ;

(ബി) എങ്കിൽ ഈ തുക സംസ്ഥാനം വിനിയോഗിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ തുക വാങ്ങി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളാരാണെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) സംസ്ഥാന ഫിഷറീസ് പ്രോഗ്രാമുകൾക്കുവേണ്ടി ദേശീയ സഹകരണ വികസന കോർപ്പറേഷൻ 1999-2000-ൽ 12 കോടി രൂപ ടെന്റേറ്റീവ് അലോക്കേഷനായി വകയിരുത്തിയിരുന്നു.

(ബി) അനുവദിച്ച തുക വിനിയോഗിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) ഇല്ല.

27 (*147) ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകൾ

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ
ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് :
വെങ്ങാനൂർ പി ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും സർവേ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പീഡിത ചെറുകിട വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കേണ്ടതായിട്ടുണ്ടെന്ന് കുരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; നടപടികളുടെ വിശദാശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് എന്തൊക്കെ സൗകര്യങ്ങൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) എല്ലാ ജില്ലകളിലും ചെറുകിട വ്യവസായികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) എല്ലാ നിയമ സഭാമണ്ഡലങ്ങളിലും സിഡ്കോയുടെ വ്യവസായ പാർക്കുകൾ ഈ വർഷം പ്രാവർത്തികമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകളുടെ എണ്ണം എത്രയെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly